നമ്പർ: KIIDC/VK/S/R/2 തിരുവനന്തപുരം,
17.10.14

**ലേല പരസ്യം**

**കേരള ഇറിഗേഷൻ ഇന്ഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോപ്പറേഷൻ ലിമിറ്റഡ്, മേനേജിംഗ് ഡയറക്ടറുടെ ഓഫീസിൽ നിന്ന് പരസ്യപ്പെടുത്തുന്നത്.**

കെ.ഐ. ഐ ഡി.സി. യുടെ അധീനതയിലുള്ള ആലപ്പുഴയിലെ നൈറ്റ് ഹാൾട്ടിംഗ് സെന്ററിലെ കാലപ്പഴക്കം വന്ന 133 ച.മീ കെട്ടിടം 31.10.14-നു ഉച്ചക്ക് 1.30 മണിക്ക് തിരുവനന്തപുരത്തെ ഓഫിസ് കോമ്പൌണ്ടിൽ വച്ച് മേനേജിംഗ് ഡയറക്ടറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ പരസ്യമായി ലേലം ചെയ്യുന്നതാണ്.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുൻപേ 5000/-രൂപ (അയ്യായിരം രൂപ) നിരതദ്രവ്യം കെട്ടി വച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും ടിയാൻ ലേലത്തുകയും അതിന്റെ വില്പന നികുതിയും അടക്കം അപ്പോൾ തന്നെ കെട്ടി വയ്ക്കേണ്ടതുമാണ്. ലേലം വിളി ആരംഭിക്കുന്നതിനു ഒരു മണിക്കൂർ മുൻപ് വരെ തപാൽ മുഖേന ലഭിക്കുന്ന ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ 5000/-രൂപ നിരതദ്രവ്യം സഹിതം മേനേജിംഗ് ഡയറക്ടർ, കെ.ഐ.ഐ.ഡി.സി, തിരുവനന്തപുരം എന്ന ഓഫിസർക്ക് ലഭിക്കത്തക്ക വിധം സ്റ്റേറ്റ് ബാങ്ക്, മറ്റു ദേശസാല്കൃത ബാങ്ക് എന്നിവയിൽ നിന്ന് വാങ്ങിയ നിരതദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്ത മുദ്ര വച്ച് ടി.ഓഫിസർക്ക് മേൽവിലാസം എഴുതിയ കവർ 31.10.14-നു ഉച്ചക്ക് 12.30 മണിക്ക് മുൻപായി ലഭിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തത്സമയം വരെ ലഭിക്കുന്ന മുദ്ര വച്ച ദർഘാസുകൾ അതിനു ശേഷം നടക്കുന്ന പരസ്യ ലേലത്തിലും ലഭിക്കുന്ന ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം തല്ക്കാലം ഉറപ്പിച്ചു നൽകുന്നതാണ്. ഒന്നിൽ കൂടുതൽ ആളുകൾ ഒരേ സംഖ്യ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ ദർഘാസ് തുകയും ലേലത്തുകയും ഒരേ പോലെ വരികയും ചെയ്താൽ നറുക്കെടുപ്പിലൂടെ ലേലം തൽക്കലം സ്ഥിരപ്പെടുത്തുന്നതും, ടിയാൻ ലേലത്തുകയും അതിന്റെ വിലപൻ നികുതിയും അടക്കമുള്ള

മുഴുവൻ തുകയും ലേലസ്ഥലത്ത് വച്ച് അടച്ച് രസീത് വങ്ങേണ്ടതുമാണ്. ആയതിനാൽ വീഴ്ച വരുത്തിയാൽ മറ്റൊരു അറിയിപ്പ് കൂടാതെ പുനർലേലം ചെയ്യുന്നതും അതുകൊണ്ടുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ടിയാൻ ഉത്തരവാദിയാകുന്നതുമാണ്.

ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പിന് ശേഷം ലേലക്കാരൻ കെട്ടിടം പൊളിച്ച് 15 ദിവസത്തിനകം മാറ്റിത്തരേണ്ടതാണ്. ആയതിനു വീഴ്ച വരുത്തിയാൽ മറ്റൊരു അറിയിപ്പ് കൂടാതെ അതുകൊണ്ട് സർക്കാരിനുള്ള കഷ്ടനഷ്ടങ്ങൾക്ക് ടിയാൻ ഉത്തരവാദിയാകുന്നതാണ്. കൂടാതെ സർക്കാരിന്റെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഇതിനു ബാധകമാണ്.പ്രത്യേക കാരണങ്ങൾ ഒന്നും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിണോ,റദ്ദ് ചെയ്യുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗതാണ് അധികാരം ഉണ്ടായിരിക്കുന്നതാണ്.ലേലദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ അടുത്ത പ്രവൃത്തി ദിവസം അതെ സമയത്തും,സ്ഥലത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

പൊളിച്ച് മാറ്റേണ്ട കെട്ടിടം നേരിൽ കാണാൻ താല്പര്യമുള്ളവർ ആലപ്പുഴ വട്ടക്കായലിൽ പ്രൊജക്റ്റ് എൻജിനിയറിനെ (9495000863) സമീപിക്കേണ്ടാതാണ്.

എന്ന്,
Sd/-
മേനേജിംഗ് ഡയറക്ടർ

<u>പകർപ്പ്:</u>

1. ജില്ലാ കളക്ടർ, ആലപ്പുഴ

2. സെക്രട്ടറി K.T.D.C, ആലപ്പുഴ

3. സെക്രട്ടറി പഞ്ചായത്ത് ആപ്പീസ് – കൈനഗിരി, ആലപ്പുഴ

4. വില്ലേജ് ആപ്പീസർ, കൈനഗിരി, ആലപ്പുഴ